**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 111** **07-06-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് - 19 മഹാമാരി കാലത്തെ ഭക്ഷ്യവസ്തുക്കളുടെ പൂഴ്ത്തിവെപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Shri G R Anil<br>(ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ്-19 മഹാമാരി കാലത്ത് ഭക്ഷ്യവസ്തുക്കൾ പൂഴ്ത്തി വെക്കുന്നത് സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം പ്രവർത്തികൾ തടയുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കോവിഡ് 19 മഹാമാരികാലത്ത് ഇടുക്കി ജില്ലയിൽ നിന്നും ഭക്ഷ്യ വസ്തുക്കൾ പൂഴ്ത്തി വയ്ക്കുന്നത് സംബന്ധിച്ച പരാതി ലഭിച്ചിരുന്നു. തുടർന്ന് നടത്തിയ പരിശോധനയിൽ പൂഴ്ത്തി വയ്പ്, അമിത വില ഈടാക്കൽ എന്നിവ നടത്തിയ വ്യാപാരികൾക്കെതിരെ ശിക്ഷാ നടപടികൾ എടുത്തിട്ടുണ്ട്. |
| (ബി) | കോവിഡ്- 19 കാലത്ത് ഭക്ഷ്യ വസ്തുക്കളുടെയും അവശ്യസാധനങ്ങളുടെയും വില വർദ്ധനവ് തടയുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (ബി) | കോവിഡ്-19 കാലത്ത് ഭക്ഷ്യ വസ്തുക്കളുടെയും അവശ്യ സാധനങ്ങളുടെയും വില വർദ്ധനവ് തടയുന്നതിനായി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഏകോപിപ്പിച്ചു കൊണ്ട് താലൂക്ക് സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിൽ സംയുക്ത സ്ക്വാഡുകൾ സംസ്ഥാനത്തുടനീളം പരിശോധനകൾ നടത്തി വരുന്നു. പൊതു വിപണിയിൽ വില നിലവാരം പ്രദർശിപ്പിയ്ക്കാത്തതും, അമിത വില ഈടാക്കിയതുമായ കേസുകളിൽ ബന്ധപ്പെട്ട വ്യാപാരികൾക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിയ്ക്കുന്നുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ലോക്ക്ഡൗൺ നിലവിൽ വന്നതോടു കൂടി മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഭക്ഷ്യ വസ്തുക്കൾ എത്തിയ്ക്കുന്നതിന് ആവശ്യമായ എല്ലാ സൗകര്യങ്ങളും ജില്ലാ കളക്ടറുടെ സഹായത്തോടെ ഒരുക്കുന്നുണ്ട്. പൊതു വിപണിയിലെ അവശ്യ സാധനങ്ങളുടെ സ്റ്റോക്ക് വിവരം എല്ലാ ദിവസവും ശേഖരിച്ച് പോർട്ടലിൽ അപ്ഡേറ്റ് ചെയ്യുന്നുണ്ട്. കൂടാതെ ഭക്ഷ്യ കിറ്റുകളുടെ വിതരണം ഭംഗിയായി നടക്കുന്നതിനാൽ അരി, പലവ്യഞ്ജനം എന്നിവയുടെ വില പൊതു വിപണിയിൽ നിയന്ത്രിയ്ക്കാനും കഴിഞ്ഞിട്ടുണ്ട്. |
| (സി) | കോവിഡ്-19 കാലത്ത് ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനും ഭക്ഷ്യ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുമായി കേന്ദ്ര സർക്കാർ ധനസഹായവും | (സി) | കോവിഡ്-19 കാലത്ത് ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനും ഭക്ഷ്യ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുമായി കേന്ദ്ര സർക്കാർ |

| | | | |
|---|---|---|---|
| | ഭക്ഷ്യ വസ്തുക്കളും കേരളത്തിന് ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | ധനസഹായമൊന്നും ലഭ്യമാക്കിയിട്ടില്ല. എന്നാൽ സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ള ഭക്ഷ്യധാന്യ വിഹിതത്തിന് പുറമെ പ്രധാനമന്ത്രി ഗരീബ് കല്യാൺ യോജന പദ്ധതി പ്രകാരം 2020 ഏപ്രിൽ മുതൽ നവംബർ വരെ സംസ്ഥാനത്തെ മുൻഗണനാ വിഭാഗം കാർഡുടമകളുടെ കുടുംബത്തിലെ ഓരോ അംഗത്തിനും 5 Kg ഭക്ഷ്യധാന്യം വീതവും, ഓരോ കുടുംബത്തിനും 1 Kg കടല അല്ലെങ്കിൽ പയർ എന്നിവയും കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ 2021 മെയ്, ജൂൺ മാസങ്ങളിലേയ്ക്ക് ടി സ്കീമിൽ മുൻഗണനാ വിഭാഗത്തിലെ ഓരോ അംഗത്തിനും 5Kg ഭക്ഷ്യ ധാന്യം വീതം അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം അരിയും ഗോതമ്പും ഉൾപ്പെടെ 7.48 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യവും 29524.489 മെട്രിക് ടൺ പയർ അല്ലെങ്കിൽ കടലയും ലഭ്യമായിട്ടുണ്ട്. കൂടാതെ ആത്മനിർഭർ ഭാരത് പദ്ധതി പ്രകാരം അതിഥി തൊഴിലാളികൾക്ക് നൽകുന്നതിനായി 2020 മെയ്, ജൂൺ മാസങ്ങളിലേയ്ക്ക് 15480.012 മെട്രിക് ടൺ അരിയും 745.058 മെട്രിക് ടൺ പയർവർഗ്ഗങ്ങളും (പയർ/കടല) അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ